# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3369 20/06/2018 ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിൽ ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസം മൂലം ഭരണ നിർവ്വഹണം കാര്യക്ഷമമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഫയലുകളിൽ തീരുമാനം എടുക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് കീഴ് കാര്യാലയങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കേണ്ടിവരുമ്പോഴാണ്.അത്തരം സാഹചര്യങ്ങളിൽ റിപ്പോർട്ട് വേഗം ലഭ്യമാക്കുന്നതിന് ഫാക്സ്,ഇ-മെയിൽ,ടെലിഫോൺ തുടങ്ങിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിവരുന്നു. വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേക്കായി ഫയൽ അദാലത്തുകൾ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കി വരുന്നു. കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമുണ്ടാകാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ E-office സംവിധാനത്തിലൂടെ ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കി വരുന്നു. ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും |
| (ബി) | ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ഫയലുകളിൽ കാലതാമസം കൂടാതെ തീർപ്പ് കൽപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | ഫയൽനീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ